"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 'ജനകീയം-2022' ക്വിസ് പ്രോഗ്രാമിന്റെ ജില്ലാ / സംസ്ഥാനതല മത്സരങ്ങളുടെ നടത്തിപ്പിന് വേണ്ടിവരുന്ന തുക രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ പദ്ധതിയുടെ Information Education Communication (IEC) ഘടകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.2152/2022/LSGD തീയതി,തിരുവനന്തപുരം, 01-09-2022

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 27/08/2022 തീയതിയിലെ PAN/11150/2022-RGSA1 നമ്പർ കത്ത്.

**ഉത്തരവ്**

രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യദിനാഘോഷം (ആസാദി കാ അമൃത് മഹോത്സവ്), ജനകീയാസൂത്രണ പദ്ധതികളിലൂടെയുള്ള അധികാര വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ 25 വർഷങ്ങൾ എന്നിവ ആഘോഷിക്കുന്നതിന്റെ ഭാഗമായി പുതിയ തലമുറയിലെ പൗരൻമാർക്ക് അടിസ്ഥാന ഭരണ സംവിധാനമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ച് കൂടുതൽ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാന്റെ IEC ഘടകത്തിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കും ജനപ്രതിനിധികൾക്കും ജീവനക്കാർക്കുമായി ജില്ലാ/സംസ്ഥാന തലത്തിൽ "ജനകീയം-2022" എന്ന പേരിൽ, പഞ്ചായത്തി രാജ്, അധികാര വികേന്ദ്രീകരണം, ആസാദി കാ അമൃത് മഹോത്സവ്, ദേശീയത, ഭരണഘടന, കാലാവസ്ഥാ വ്യതിയാനം, കേരള ചരിത്രം, മലയാള സാഹിത്യം, സമകാലിക വിഷയങ്ങൾ എന്നീ വിഷയങ്ങളിൽ ഒരു മെഗാ ക്വിസ് മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്ന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ക്വിസ് പ്രോഗ്രാമിന്റെ ജില്ലാ /സംസ്ഥാനതല മത്സരങ്ങളുടെ നടത്തിപ്പിനായി വേണ്ടിവരുന്ന 9,80,000/- രൂപ RGSA പദ്ധതിയുടെ Information Education Communication (IEC) എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം "Information Education Communication (IEC)" എന്ന ഘടകത്തിന് വകയിരുത്തിയിട്ടുള്ള (RGSA വാർഷിക പദ്ധതിയുടെ 2% തുക) 2.45 കോടി രൂപയിൽ നിന്ന് 'ജനകീയം-2022* ക്വിസ് പ്രോഗ്രാമിന്റെ ജില്ലാ /സംസ്ഥാനതല മത്സരങ്ങളുടെ നടത്തിപ്പിനായി വേണ്ടിവരുന്ന 9,80,000/- രൂപ (ഒൻപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, എ&ഇ, കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ [LSGD-EM1/99/2022-LSGD]

ഉത്തരവിൻ പ്രകാരം

**Signed by M.k.pradeesh Kumar**

**Date: 01-09-2022 14:04:12**

സെക്ഷൻ ഓഫീസർ